പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4100
12.11.2019 ലെ മറുപടിയ്ക്ക്

## പങ്കാളിത്ത പെൻഷൻ പദ്ധതിക്കെതിരെ നടന്ന പണിമുടക്ക്

ചോദ്യം :
ശ്രീ.സി. കെ.ശശീന്ദ്രൻ
എം.എൽ.എ

ഉത്തരം :
ഡോ.തോമസ് ഐസക്ക്
(ബഹു.ധനകാര്യ വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ | കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതിക്കെതിരെ ഒരു വിഭാഗം ജീവനക്കാർ നടത്തിയ പണിമുടക്ക് ഒത്തുതീർപ്പാക്കിയ അവസരത്തിൽ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | പങ്കാളിത്ത പെൻഷൻ പദ്ധതിക്കെതിരെ ഒരു വിഭാഗം ജീവനക്കാർ നടത്തിയ പണിമുടക്ക് ഒത്തുതീർപ്പാക്കിയ അവസരത്തിൽ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരമായിരുന്നു.<br>(i) എൻ.പി.എസിൽ അംഗമായ ജീവനക്കാരൻ സർവ്വീസിനിടയിൽ മരണപ്പെട്ടാൽ പ്രസ്തുത കുടുംബത്തിന് ആശ്രിതനിയമനം ലഭിക്കുന്നത് വരെ ടിയാൾ അവസാനം വാങ്ങിയ ശമ്പളം അനുവദിക്കും.<br>(ii) പി.എഫ് സംവിധാനം നിലനിർത്തുന്നത് പരിഗണിക്കും<br>(iii) പി.എഫ്.ആർ.ഡി.എ ബിൽ നിലവിൽ വരുമ്പോൾ ജീവനക്കാർക്കുണ്ടാകുന്ന ആശങ്കകൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തും |
| ബി | പ്രസ്തുത ഒത്തുതീർപ്പ് വ്യവസ്ഥകൾ മുൻ സർക്കാരിന്റെ കാലയളവിൽ പാലിക്കപ്പെട്ടിരുന്നോ; ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ട് എന്ന് വിശദമാക്കാമോ? | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ജി.പി.എഫ് സംവിധാനം കൂടി നിലനിർത്തിക്കൊണ്ടാണ് സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയത്. മറ്റ് ഒത്തുതീർപ്പ് വ്യവസ്ഥകൾ സംബന്ധിച്ച് മുൻസർക്കാരിന്റെ കാലത്ത് അന്തിമ തീരുമാനം കൈക്കൊണ്ടിരുന്നില്ല. |

സെക്ഷൻ ഓഫീസർ